കൃഷി ലക്ഷ്യമാക്കിയുള്ള സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുകയും 'ഓപ്പറേഷൻ കുബേര'-യുടെ ഭാഗമായി നടപടി സ്വീകരിക്കുകയും വാർഷിക പദ്ധതികളിൽ പുതിയ ധനസഹായ പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്യാൻസർ കെയർ സെന്റർ, ഫ്ലാറ്റ് സമുച്ചയ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾവഴി ആധുനിക ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ബാങ്കുകളുടെ കമ്പ്യൂട്ടറൈസേഷൻ, എ.ടി.എം., കോർബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളിൽ കൃത്യമായ പരിശോധന നടത്തുന്നതിനാവശ്യമായ രീതിൽ വകുപ്പിലെ ജനറൽ വിഭാഗം പുനഃസംഘടിപ്പിക്കുന്നതിനും ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനും വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ/ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

അടച്ചുപൂട്ടിയ നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ

91(2129) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച എത്ര നീതി, നന്മ, ത്രിവേണി സ്റ്റോറുകളാണ് ഓരോ ജില്ലയിലും അടച്ച് പൂട്ടിയതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യം ചെയ്യുമ്പോൾ കൺസ്യൂമർ ഫെഡ് വഴിയുള്ള വ്യാപാരത്തിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ത്രിവേണി മൊബൈൽ യൂണിറ്റുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ ആരംഭിച്ച 73 നീതി സ്റ്റോറുകളും 10 ത്രിവേണി സ്റ്റോറുകളുമാണ് അടച്ചുപൂട്ടിയിട്ടുള്ളത്. നന്മ സ്റ്റോറുകൾ ഒന്നുംതന്നെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളവയല്ല. അടച്ചുപൂട്ടിയ നീതി, ത്രിവേണി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	അടച്ചുപൂട്ടിയ നീതി സ്റ്റോറുകൾ	അടച്ചുപൂട്ടിയ ത്രിവേണി സ്റ്റോറുകൾ
തിരുവനന്തപുരം	11	3
കൊല്ലം	3	2
പത്തനംതിട്ട	1	1
ആലപ്പുഴ	5	-
കോട്ടയം	17	1
ഇടുക്കി	2	-
എറണാകുളം	1	2
തൃശ്ശൂർ	10	1
പാലക്കാട്	9	-
മലപ്പുറം	1	-
കോഴിക്കോട്	2	-
വയനാട്	-	-
കണ്ണൂർ	9	-
കാസർഗോഡ്	2	-
ആകെ	73	10

(ബി) വില്പനയിൽ കുറവ് വന്നിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വില്പനയെക്കാൾ ഈ സർക്കാരിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 103.11 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ത്രിവേണി മൊബൈൽ യൂണിറ്റുകളിൽ 72 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.